DESPATCHED
On. 16/3/22

9/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 568*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3778**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എകരത്ത് കുഞ്ഞിക്കണാരൻ,
തച്ചൻകുന്ന്, കീഴൂർ പി.ഒ.,
പയ്യോളി – 673 522. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. അസി.സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
പയ്യോളി ഗ്രാമപഞ്ചായത്ത് ഓഫീസ്,
പയ്യോളി പി.ഒ.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16.12.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.03.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.03.2015 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എകരത്ത് കുഞ്ഞിക്കണാരൻ 09.03.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 10.03.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.568(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങളിൽ അന്വേഷണം നടത്തണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കരിമ്പിൻ കോളനി റോഡ് റീച്ച് I, റീച്ച് II എന്നിവയുടെ നീളം,

2) 2012-13 വർഷത്തെ കരാർ തുക 2,79,030 രൂപയും 2013-14 വർഷത്തെ കരാർ തുക 2,98,500/- രൂപയും ആയിരിക്കെ മേൽ പ്രവൃത്തികൾ പ്രകാരം 2012-13 വർഷം 1,53,490 രൂപയും 2013-14 വർഷത്തിൽ നടത്തിയ 133141/- രൂപ മാത്രമേ കരാറുകാരന് കൊടുത്തിട്ടുള്ളുവെന്നും അതായത് കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തിയുടെ പകുതിയിൽ കുറവ് ജോലി മാത്രമേ ചെയ്തിട്ടുള്ളുവെന്നും ആയതിനാൽ 2012-13 വർഷത്തെയും 2013-14 വർഷത്തേയും പ്രവൃത്തികളുടെ ഓരോ ഇനത്തിലുള്ള എസ്റ്റിമേറ്റിലേയും കരാറിലേയും അളവും കരാറുകാരൻ നിർവ്വഹിച്ച മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും അറിയിക്കണമെന്നാണ്.

ആയതിന് 11.09.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 16.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 16.08.2014ന് പയ്യോളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നൽകിയ അപേക്ഷയനുസരിച്ച് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും അച്ചൻകുന്ന്-കരിമ്പിൻ കോളനി റോഡിന്റെ രണ്ടാമത് റീച്ചായ 320 മീറ്ററിൽ യഥാർത്ഥത്തിൽ എത്ര മീറ്റർ റോഡ് നവീകരിച്ചിട്ടുണ്ടെന്ന് പരിശോധന നടത്തി മറുപടി നൽകണമെന്നാണ്. തുടർന്ന് അപ്പീൽ ഹർജിയുടെ പകർപ്പ് എതിർക

ക്ഷിക്ക് നൽകുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തുവെന്നുമാണ്. പ്രസ്തുത അപ്പീൽ ഹർജി വിചാരണയ്ക്കെടുക്കുന്നതിന് നിശ്ചയിക്കുകയും ടി വിവരം ഇരുകക്ഷികളെയും രേഖാമൂലം അറിയിക്കുകയും അതുപ്രകാരം ഇരുകക്ഷികളും ഹാജരാകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ ഹാജരായി നൽകിയ മൊഴിയിൽ ടിയാൻ 16.08.2014ന് പയ്യോളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിച്ചതനുസരിച്ച് വിവരങ്ങൾ ലഭിച്ചെങ്കിലും ടി ഗ്രാമപഞ്ചായത്തിലെ കരിമ്പിൻകോളനി റോഡ് 110 മീറ്റർ മാത്രമേ ടാറിംഗ് പ്രവൃത്തി നടത്തിയുള്ളുവെന്നും റീച്ച് 2 വർക്കിൽ 320 മീറ്റർ ടാറിംഗ് പ്രവൃത്തി നടത്തിയതായി മറുപടിയിൽ കാണുന്നുവെന്നും ആയതിനാൽ പ്രവൃത്തിയിൽ കൃത്രിമം നടന്നതായി സംശയിക്കുന്നതിനാൽ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്നുമാണ്. എന്നാൽ എസ്.പി.ഐ.ഒ. സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 16.08.2014ന് സമർപ്പിച്ച അപേക്ഷയനുസരിച്ച് 11.09.2014ന് മറുപടി നൽകിയിട്ടുണ്ടെന്നും കരിമ്പിൻ കോളി റോഡ് ടാറിംഗ് ചെയ്ത പ്രവൃത്തി സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നു ആവശ്യപ്പെട്ടിരുന്നതെന്നും ടി അപേക്ഷ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയെന്നും വിവരാവകാശ നിയമപ്രകാരം കൃത്യമായി വിവരം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരനെ തെറ്റിദ്ധരിപ്പിക്കാനുള്ള യാതൊരു ശ്രമവും ഉണ്ടായിട്ടില്ലെന്നുമാണ്.

അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട രേഖകൾ, ഹർജിക്കാരന്റെ മൊഴി, എതിർകക്ഷിയുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ അപേക്ഷ പ്രകാരം വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ശേഖരിച്ച് സമയബന്ധിതമായി ഹർജിക്കാരന് ലഭ്യമാക്കിയെങ്കിലും ലഭിച്ച മറുപടിയനുസരിച്ച് റോഡ് നിർമ്മാണത്തിൽ കൃത്രിമം നടന്നതായുള്ള ഹർജിക്കാരന്റെ സംശയമാണ് അപ്പീലിനാധാരമായുള്ളതെന്ന് വിലയിരുത്തി, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ മറ്റൊരു അധികാര സ്ഥാനത്തിന്റെ കൈവശത്തിലാവുമ്പോൾ പ്രസ്തുത അപേക്ഷകൾ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ ലഭിച്ച് അഞ്ചു ദിവസത്തിനകം കൈമാറ്റം നടത്തേണ്ടതും വിവരം ഉടൻതന്നെ ഹർജിക്കാരനെ അറിയിക്കേണ്ടതുമാണെന്നും ഹർജിക്കാരന്റെ അപേക്ഷ ഇത്തരത്തിൽ കൈമാറുകയും വിവരം അറിയിക്കുകയും മാത്രമായിരുന്നു എസ്.പി.ഐ.ഒ. ചെയ്യേണ്ടിയിരുന്നതെന്നും എങ്കിലും

ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായെങ്കിലും മേൽപ്പടി റോഡ് നിർമ്മാണത്തിൽ കൃത്രിമം നടന്നതായും ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നതിനാൽ വിവരാവകാശ നിയമം പ്രശ്നപരിഹാരമല്ല ഉദ്ദേശിക്കുന്നതെന്നും ഓഫീസിൽ ലഭ്യമായ വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും ഹർജിക്കാർക്ക് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും മേൽപ്പടി പ്രവൃത്തിക്ക് എന്തെങ്കിലും തരത്തിലുള്ള കൃത്രിമം നടന്നിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഹർജിക്കാരനോട് നിർദ്ദേശിച്ചുകൊണ്ടും മേലിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിലെ വിവരങ്ങൾ മറ്റൊരു അധികാരസ്ഥാനത്തിന്റെ കൈവശത്തിലുള്ളതാണെങ്കിൽ മേൽപ്പടി വകുപ്പുപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച അന്വേഷണം ആവശ്യപ്പെട്ടാണ് ടിയാൻ കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. കൂടാതെ 15.02.2022ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM